# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2533 — 12.03.2020 ൽ മറുപടിയ്ക്ക്

### ഇതര സംസ്ഥാന തൊഴിലാളികളുടെ ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ. | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലാണെന്നും, അത് മൂലമുള്ള അക്രമ പ്രവൃത്തികൾ വർദ്ധിച്ച് വരികയാണെന്നും കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ പുകയില പോലെയുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ അവർക്കിടയിൽ ലഹരി വസ്തുക്കളുടെ ക്രമാതീതമായ ഉപയോഗമോ ആയത് മൂലമുള്ള അക്രമ പ്രവർത്തികൾ വർധിച്ച് വരുന്നതായോ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ലഹരി മരുന്നുകളുടെ ഉപയോഗം മൂലമുള്ള ദൂഷ്യങ്ങളെ പറ്റി അവരെ ബോധവൽക്കരിക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകളും, 2017-18 സാമ്പത്തിക വർഷം 150 മെഡിക്കൽ ക്യാമ്പുകളും, 75 ബോധവൽക്കരണ ക്ലാസ്സുകളും, 2018-19 സാമ്പത്തിക വർഷം 213 മെഡിക്കൽ ക്യാമ്പുകളും, 93 ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ചെയ്തു. 2019-20 സാമ്പത്തിക വർഷം ഇതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസുകളും നടത്തി വരികയും ചെയ്യുന്നുണ്ട്. |
| (സി) | ഇവർക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ടോ; എങ്കിൽ ഇത്തരം ക്യാമ്പുകളിൽ കൂടി മയക്കമരുന്നിന് അടിമകളായവരെ കണ്ടെത്തി അവരെ ഇതിൽ നിന്നും മോചിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്നു. എന്നാൽ ലഹരിക്കടിമപെട്ടവർക്കുള്ള കൗൺലിങ്ങും ഡി-അഡിക്ഷൻ ചികിത്സയും നൽകുന്നതിനുള്ള സംവിധാനം എക്സൈസ് വകുപ്പ് ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ